

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൂത്തുപറമ്പ് മുനിസിപ്പാലിറ്റി ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./
സി.15/151/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 02/03/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കൂത്തുപറമ്പ് മുനിസിപ്പാലിറ്റി

സർ,

വിഷയം : കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-41 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി

ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

ജോയിന്റ് ഡയറക്ടർ, എൽ.എസ്.ജി.ഡി. കണ്ണൂർ (ഇ-മെയിൽ)

കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./
സി.15/151/2024

തീയ്യതി: 02/03/2024

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കൂത്തുപറമ്പ് മുൻസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 03-04-2024 മുതൽ 21-01-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 63 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 01-02-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ

ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സുനിൽ പി.	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	22-01-2024	01-02-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-01-2024	01-02-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഷൈമകുമാരി എസ്.എൽ., ഓഡിറ്റ് ഓഫീസർ ഹയർ ഗ്രേഡ്
ശ്രീമതി ഷിജില വി.ഡി., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ശ്രീജ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീനാഥ് വി., ഓഡിറ്റർ
ശ്രീമതി ജിജില ടി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. വി.സുജാത	ചെയർപേഴ്സൺ	01-04-2022	31-03-2023

ടീച്ചർ			
ശ്രീ.കെ.കെ. സജിത് കുമാർ	സെക്രട്ടറി	01-04-2022	14-03-2023
ശ്രീ.വിനോദൻ കെ.	സെക്രട്ടറി-ഇൻ-ചാർജ്ജ്	15-03-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	ത (മ
ശ്രീ.വിനോദൻ.കെ	നഗരസഭാ എഞ്ചിനീയർ	
ശ്രീ.ലതീഷ്.കെ.സി	ഹെൽത്ത് ഓഫീസർ	
ശ്രീമതി.ഷീന.കെ.വി	കൃഷി ഓഫീസർ	
ഡോ.ടീന ക്ലീറ്റസ്	മെഡിക്കൽ ഓഫീസർ (ഹോമിയോ)	
ശ്രീ.അനീഷ്.കെ	പ്രൊജക്ട് ഓഫീസർ	
ശ്രീ.സുബിൻ.പി	പ്രൊജക്ട് ഓഫീസർ	
ഡോ.ജീജ.എം.പി	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	
ഡോ.അലി.കെ.പി	മെഡിക്കൽ ഓഫീസർ (സി എച്ച് സി)	
ഡോ.അരുൺ	മെഡിക്കൽ ഓഫീസർ(ആയുർവേദം)	
ഡോ.ധനഞ്ജയൻ	വെറ്റിനറി സർജൻ	
ശ്രീമതി.പ്രിയ.പി.എം	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	
ശ്രീ.ടി.ആർ.രാജേഷ്	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	
ശ്രീമതി.ഗീത.വി	ഹെഡ് മാസ്റ്റർ	

ശ്രീ.ദിനേശൻ കേയന്റവിടെ	ഹെഡ് മാസ്റ്റർ	1

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.	1-1-1
3	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-2
4	നോട്ട് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല	1-1-3
5	സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല	1-1-4
6	വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക സുലേഖ ചെലവ് സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.	1-1-5
7	രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല/കാലികമാക്കി സൂക്ഷിച്ചിട്ടില്ല.	1-1-6
8	സ്റ്റെയിൽ ചെക്ക് തുക നഗരസഭാ ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല	1-1-7
9	നികുതി നികുതിയേതര വരവുകളുടെ ഡിമാൻഡ് രജിസ്റ്ററുകൾ വർഷാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-8
10	വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമായി ലൈബ്രറി സെസ്സ് ഉൾപ്പെടുത്തിയിട്ടില്ല.	1-1-9
11	സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.	1-1-10
12	ഇ-ടെണ്ടർ, ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിലേക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-1-11
13	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല	1-1-12
14	ഡിപ്രീസിയേഷൻ - ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-1-13

15	ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി ഉൾപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ അറിയിച്ചിട്ടില്ല	1-1-14
16	ഇൻവെസ്റ്റ്മന്റ് രജിസ്റ്ററിലെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.	1-1-15
17	കൗൺസിൽ അംഗങ്ങളുടെ ഹോണറേറിയം,ടെലഫോൺ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്, വാഹന ഇന്ധനച്ചെലവ്, കരാർ ജീവനക്കാരുടെ ശമ്പളം, വെള്ളക്കരം എന്നിവ ബാധ്യതയായി രേഖപ്പെടുത്തിയില്ല	1-1-16
18	വിവിധ ഷെഡ്യൂളുകളിലെ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.	1-1-17
19	ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും തുക നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല	1-1-18
20	B-5 ഷെഡ്യൂളിൽ തിരിച്ചടക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.	1-1-19
21	അയ്യങ്കാളി വരവ് ചെലവ് കണക്കുകൾ	1-1-20
22	പുതുക്കിയ ബജറ്റ്	1-2-1
23	ബജറ്റ്	1-2
24	സാമ്പത്തിക വിശകലനം	1-3
25	ഫണ്ട് വിനിയോഗം	1-4
26	നടപ്പിലാക്കാത്ത പദ്ധതികൾ	1-5-1
27	പദ്ധതി അവലോകനം	1-5
28	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലോകനം	1-6-1
29	അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി	1-6
30	മരണശേഷവും ക്ഷേമ പെൻഷൻ അനുവദിച്ചു	1-7-1
31	ഒരു ഗുണഭോക്താവിന് രണ്ട് ക്ഷേമപെൻഷനുകൾ അനുവദിച്ചു	1-7-2
32	ക്ഷേമ പദ്ധതികൾ	1-7

33	ക്യാഷ് പരിശോധന	1-8
34	ആഭ്യന്തരനിയന്ത്രണ സംവിധാനം	1-9
35	വാർഡ് സഭ	1-10
36	കമ്മിറ്റികളുടെ പ്രവർത്തനം	1-11
37	രശീത് പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതും രശീത് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതയും	1-12
38	തൊഴിൽനികുതി-അപാകങ്ങൾ	1-13
39	തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ വീഴ്ച	1-14
40	വസ്തുനികുതിയിൽ കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നു.	1-15
41	തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് കണക്കാക്കിയില്ല	1-16
42	അനധികൃത കെട്ടിട നിർമ്മാണം-തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.	1-17
43	വാടക അപാകങ്ങൾ	1-18
44	നഗരസഭ ബസ്സ്റ്റാന്റ് ലേലം - ഫീസ് ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല	1-19
45	വിനോദ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല	1-20
46	നിർദ്ദിഷ്ട പുതിയ ബസ്സ്റ്റാന്റിൽ വിനോദ പരിപാടി നടത്തിയത്- മുഴുവൻ സ്ഥല വാടകയും ഈടാക്കിയിട്ടില്ല	1-21
47	സ്വകാര്യ ആശുപത്രി, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ - രജിസ്ട്രേഷൻ ഫീ ഈടാക്കിയില്ല.	1-22
48	സ്വകാര്യ ആശുപത്രി, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നില്ല.	1-23
49	IFTE&OS ലൈസൻസ് ഫീസ് ഈടാക്കുന്നതിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകങ്ങൾ	1-24

50	പെർമിറ്റ് കാലാവധി പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ പൂർത്തീകരണം - വസ്തുനികുതി നിർണ്ണയിക്കുന്നത് സംബന്ധിച്ച്	1-25
51	ശാന്തിവനം ഗ്യാസ് ശ്മശാനവുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-26
52	തനത് വരുമാനം - അവലോകനം	1-27
53	വീട്ടു വളപ്പിൽ ബയോഫ്ലോക്ക് മത്സ്യകൃഷി - രേഖകൾ ലഭ്യമാക്കിയിട്ടില്ല -ചെലവ് തുക ₹36,108 തടസപ്പെടുത്തുന്നു.	1-28
54	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-നിർമ്മാണം പൂർത്തിയാക്കിയില്ല	1-29
55	ജന്റർ റിസോഴ്സ് പ്രവർത്തനങ്ങൾ-പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ₹49970 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-30
56	ഡയാലിസിസ് രോഗികൾക്ക് മരുന്നും കൺസ്യൂമബിൾസും വാങ്ങൽ- മരുന്നുകൾ ലഭ്യമായിട്ടില്ല - ₹45237-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-31
57	ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ	1-32
58	നഗരസഭ മാലിന്യ സംസ്ക്കരണ പ്രവർത്തനങ്ങൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ - ടെണ്ടർ അംഗീകരിച്ചതിലെ അപാകം - ₹497000 തടസ്സപ്പെടുത്തുന്നു.	1-33
59	ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല	1-34
60	എസ് എസ് എ പദ്ധതിക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹400000 തടസ്സപ്പെടുത്തുന്നു.	1-35
61	കമ്പ്യൂട്ടേഷൻ ക്ഷണിക്കാതെ ഗവ.ഹയർ സെക്കന്ററി സ്കൂൾ ബസ് റിപ്പയർ ചെയ്തു. - ₹127933 തടസ്സപ്പെടുത്തുന്നു.	1-36
62	അപ്രന്റിസ് ട്രെയിനികൾക്ക് സ്റ്റൈപന്റ് - കേന്ദ്ര സർക്കാരിൽ നിന്നും തുക	1-37

	ലഭ്യമായിട്ടില്ല	
63	കുടിവെള്ള പദ്ധതി- കെ ഡബ്ല്യൂ എ പൈപ്പ് ലൈൻ വലിക്കൽ രേഖകളുടെ അഭാവത്തിൽ ₹4300000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-38
64	വയോമിത്രം പദ്ധതി-മോണിറ്ററിംഗ് റിപ്പോർട്ട്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.₹500000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-39
65	പെൻഷൻ കുടിശ്ശിക - അധികം അനുവദിച്ച തുക ₹52410 നിരാകരിക്കുന്നു.	1-40
66	സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന ജീവനക്കാരന് ഓണറേറിയം അനുവദിച്ചത് ക്രമപ്രകാരമല്ല - ചെലവ് തുക ₹43740 നിരാകരിക്കുന്നു.	1-41
67	എം ബുക്കിൽ രേഖപ്പെടുത്തിയ യഥാർത്ഥ അളവിൽ തുക ലിമിറ്റ് ചെയ്തിട്ടില്ല.₹284 അധികം നൽകി	1-42
68	അനുവദിച്ച തുക കരാർ തുകയിൽ ലിമിറ്റ് ചെയ്തിട്ടില്ല.₹10988 നഷ്ടം	1-43
69	പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി കാലാവധി ദീർഘിപ്പിച്ചു നൽകി,സപ്ലിമെന്ററി എഗ്രിമെന്റ് ചമച്ചില്ല-നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല	1-44
70	പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഗുണനിലവാര പരിശോധന നടത്തിയിട്ടില്ല	1-45
71	ആസ്തി സംരക്ഷണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല	1-46
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പെൻഷൻ കുടിശ്ശിക - അധികം അനുവദിച്ച തുക ₹52410 നിരാകരിക്കുന്നു.	3-1
2	സി ഡി എസ് മെമ്പർ സെക്രട്ടറിയുടെ അധികചുമതല വഹിച്ചിരുന്ന ജീവനക്കാരന് ഓണറേറിയം അനുവദിച്ചത് ക്രമപ്രകാരമല്ല - ചെലവ് തുക ₹43740 നിരാകരിക്കുന്നു.	3-2

3	അനുവദിച്ച തുക കരാർ തുകയിൽ ലിമിറ്റ് ചെയ്തിട്ടില്ല.₹10988 നഷ്ടം	3-3
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസോഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	ധനകാര്യ പത്രികകൾ	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കൂത്തുപറമ്പ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാന പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും തീയതിയിലെ 1- ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 07/07/2023 സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാല ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്ക കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ട് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എ ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാ വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പ് മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്ത മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റി വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കി അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷ കൂത്തുപറമ്പ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർ

31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇട
സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽ

കണ്ണൂർ,
02.03.2024

1-1-1 അക്കൗണ്ട്സ് ചട്ടങ്ങൾ പാലിച്ചിട്ടില്ല.

I) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.4 പ്ര
പത്രികയിലെ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തേണ്ടതാണ്.
രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.
Ii) 2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.3 പ്ര
പത്രികയിൽ വാർഷിക കണക്കിൽ മുൻ വർഷത്തെ താരതമ്യ തുകക
നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അപ്രകാരം താരതമ്യ തുകകൾ ഉൾപ്പെടുത

1-1-2 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്ര ഉൾപ്പെടുത്തിയിട്ടില്ല

2007ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(F) പ്ര
പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങ
പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-3 നോട്ട്സ് ഓൺ അക്കൗണ്ട് തയ്യാറാക്കിയിട്ടില്ല

2007-ലെ മുനിസിപ്പൽ അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 58.2(E) പ്രക
നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ,
തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ വാർഷിക ധനകാര്യ പത്രികയു

1-1-4 സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന

വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങ
വ്യത്യാസത്തിനനുസരിച്ചും ജേർണൽ എൻട്രികളിലൂടെ സമ
രേഖപ്പെടുത്തുന്നില്ല. ഉദാഹരണമായി വസ്തു നികുതി,വാടക
മാസാവസാനമാണ് ഡിമാന്റ് രേഖപ്പെടുത്തിയിട്ടുള്ളത്.

1-1-5 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെ

സി എഫ് സി ഗ്രാന്റ് ചെലവ് വാർഷിക ധനകാര്യ പത്രിക പ്രകാര
സ്റ്റേറ്റ്മന്റ് പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഇനം	സുലേഖ ചെലവ് സ്റ്റേറ്റ്മന്റ്	വാർഷിക ധനകാര്യ പത്രിക

സി എഫ് സി ഗ്രാന്റ്	21633944	8265328(B3 Schedule) +10942346 (I6 Schedule)=19207674

1-1-6 രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടി സൂക്ഷിച്ചിട്ടില്ല.

ചുവടെ പരാമർശിച്ചിരിക്കുന്ന രജിസ്റ്ററുകൾ പരിശോധനയ്ക്ക് ലഭ സൂക്ഷിച്ചിട്ടില്ല.

1. നഗരസഭ വിവിധ വായ്പ ഇനത്തിൽ എടുത്ത തുക, 2022-23 ബാക്കിയുണ്ടായിരുന്ന തുക, 2022-23 വർഷത്തിൽ തിരിച്ചടച്ച തു തിരിച്ചടക്കാൻ ബാക്കിയുള്ള തുക എന്നിവയുടെ വിവരം ലഭ്യമാക്കുന്ന വർഷാന്ത്യ സാക്ഷ്യ പത്രം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. ബാലൻസ് ഷീറ്റ് ബി 15 ഷെഡ്യൂൾ പ്രകാരം നികുതി നികുതിയേ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോ

3. നഗരസഭയ്ക്ക് സർക്കാരിൽ നിന്നും വിവിധ ഏജൻസികളിൽ നിന്നു പി -24, ബി -4 ഷെഡ്യൂളുകൾ) വിവരങ്ങൾ രേഖപ്പെടുത്തുന്ന അപ്രോപ്രി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ബാലൻസ് ഷീറ്റ് ബി-11 ഷെഡ്യൂളിന്റെ കൃത്യത പരിശോധിക്കാൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5. അഡ്വാൻസ് രജിസ്ററർ മുൻവർഷത്തെ തുകകൾ കാരി ഓവർ വർഷാന്ത്യ സാക്ഷ്യ പത്രം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ആയതിനാൽ വാർഷികകണക്കിലെ മേൽ ഇനങ്ങളിലെ കൃത്യത പരി

1-1-7 സ്റ്റെയിൽ ചെക്ക് തുക നഗരസഭാ ഫണ്ടിലേക്ക് വ

ബി 9 ഷെഡ്യൂളിൽ Liability In Respect Of Stale Cheque എന്ന ഇനത രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധന തുക ഈ ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ചെക്ക് എൻകാഷ വ്യക്തമല്ല. മൂന്നു വർഷ കാലാവധി കഴിഞ്ഞാൽ പ്രസ്തുത തുക നഗരസ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-1-8 നികുതി നികുതിയേതര വരവുകളുടെ ഡിമാൻ വർഷാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി

തൊഴിൽ നികുതി, ഡി & ഒ ലൈസൻസ് ഫീ, പെർമ്മിറ്റ് ഫീ, വാടക എ വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക കണക്കിൽ ബാലൻസ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂട കളക്ഷൻ ബാലൻസ് പരിശോധിക്കുന്നതിന് സഞ്ചയയിൽ നിന്നുമ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. നികുതി നികുതിയേതര വരവുകളു വർഷാന്ത്യ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂ ഹാജരാക്കേണ്ടതുമാണ്.

1-1-9 വസ്തു നികുതി കുടിശ്ശികയ്ക്ക് ആനുപാതികമാ ഉൾപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ലൈബ്രറി സെസ്സ് ഉൾപ്പെടെ) 41,22,843/-രൂപയാണ്. ഇത് പ്രകാരം ഇതേ സ Levies In Property Tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 1,96,326 (41,22,8 ശീർഷകത്തിൽ 11,42,287.65/-രൂപ ചേർത്തിട്ടുണ്ട്.വ്യത്യാസം പരിഹരിക്

1-1-10 സൃഷ്ടിക്കപ്പെട്ട ആസ്തിയുടെ മൂല്യം രേഖപ്പെടുത്

B-11 ഷെഡ്യൂളിൽ Buildings-Municipality എന്ന ഇനത്തിൽ മുൻവർഷത്തെ (1,08,48,040 രൂപ) തൻവർഷത്തെ ആസ്തിമൂല്യം (8,40,122 രൂപ) കൂട്ടിച ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ RP-31 ൽ 2022-23 സാമ്പത്തിക വർഷം ഇ ആസ്തിയുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ ആസ്തി മൂ അടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

1-1-11 ഇ-ടെണ്ടർ, ടെണ്ടർ ഫീസ് നഗരസഭാ ഫണ്ടിലേക്ക കൈമാറിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടി

വാർഷിക ധനകാര്യ പത്രികയിലെ ഷെഡ്യൂൾ RP-5 പ്രകാരം Sale Of T വരവുണ്ട്.എന്നാൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടറുകളുമായി ബന്ധപ്പെട്ട തുക വരവു അക്കൗണ്ട്ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇ ടെണ്ടർ ഫീസിനത തുക സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ലഭ്യമാക്കിയിട്ടില്ല.

1-1-12 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന അ സൂക്ഷിച്ചിട്ടില്ല

I-18 ഷെഡ്യൂളിൽ Prior Period Items ആയി ഉൾപ്പെടുത്തിയിട്ടുള്ള അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

1-1-13 ഡിപ്രീസിയേഷൻ - ഉൾപ്പെടുത്തുന്നതുമായി ബ അപാകങ്ങൾ

1.ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജ

2.തൻ വർഷം ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ ഷെഡ്യൂൾ ഇൻകം & എക്സ്പെന്റിച്ചർ പത്രികയിൽ ഉൾപ്പെടുത്തിയിട്ട

1-1-14 ലൈബ്രറി സെസ് ഇനത്തിൽ ബാധ്യതയായി ഉ തുകയുടെ വിശദാംശങ്ങൾ അറിയിച്ചിട്ടില്ല

B-9 ഷെഡ്യൂളിൽ Library Cess Payable എന്ന ഇനത്തിൽ 7,73,251 രൂപ ഓ
രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക ഏത് കാലയളവിലേതാണെന്ന് വ

1-1-15 ഇൻവെസ്റ്റ്മന്റ് രജിസ്റ്ററിലെ വിശദാംശങ്ങൾ പ
ത്രികയുമായി പൊരുത്തപ്പെടുന്നില്ല.

നഗരസഭയിൽ പരിപാലിക്കുന്ന ഇൻവെസ്റ്റ്മന്റ് രജിസ്റ്റർ പ്രകാരം
സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ ഇനത്തിൽ 15,27,271 രൂപയ
വാർഷിക ധനകാര്യ പത്രികയിലെ I-7 ഷെഡ്യൂൾ പ്രക
സ്ഥിരനിക്ഷേപങ്ങളിൽ നിന്നുള്ള പലിശ ഇനത്തിലുള്ള തുക 1
വ്യത്യാസത്തിന്റെ കാരണം വ്യക്തമല്ല. കൂടാതെ കേരള ഗ്ര
നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോ

1-1-16 കൗൺസിൽ അംഗങ്ങളുടെ ഹോണറേറിയം,ടെ
ലിക്ട്രിസിറ്റി ചാർജ്, വാഹന ഇന്ധനച്ചെലവ്, കരാർ
ശമ്പളം, വെള്ളക്കരം എന്നിവ ബാധ്യതയായി രേഖപ്പ

നഗരസഭയിലെ സ്ഥിരജീവനക്കാരുടെ 3/23 മാസത്തെ ശമ്പളാനുകൂല
തുക മാത്രമാണ് 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ
മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഹോണറേറിയം, ടെലഫോ
ചാർജ്, വാഹന ഇന്ധനച്ചെലവ്, കരാർ ജീവനക്കാരുടെ ശമ്പളം,
പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് വ്യക്തമായ മറുപട

1-1-17 വിവിധ ഷെഡ്യൂളുകളിലെ തുകയുടെ വിശദാം
ലഭ്യമാക്കിയിട്ടില്ല.

ചുവടെ ചേർത്ത ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ വിശ
ലഭ്യമാക്കിയിട്ടില്ല
1. B14 ഷെഡ്യൂൾ പ്രകാരമുള്ള സ്റ്റോക്ക് ഇൻ ഹാൻഡിൽ ഉൾപ്പെടുത്തിയ
2. B-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ലോൺസ് & അഡ്വാൻസ് ഇനത്തി
3. B-21 ഷെഡ്യൂളിൽ പ്രൊവിഷൻ ഇനത്തിൽ രേഖപ്പെടുത്തിയ 3590814 രൂ
4. ആർ.പി.19 ഷെഡ്യൂളിലെ 280800300 Prior Period Operations And Mainten
ഉൾപ്പെട്ട (32,230) രൂപ.

1-1-18 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും
നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് /ട്രഷറി അക്കൗണ്ട് പ്രക
നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

1. ചെയർമാന്റെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് ബാലൻസ
₹1,29,139 യും B-17 ഷെഡ്യൂളിലും റസീറ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ
യുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമല്ല.
2. ബാലൻസ് ഷീറ്റിലെ B-17 ഷെഡ്യൂളിൽ Vijaya Bank Own Fund (SB 09294)
നീക്കിയിരിപ്പുണ്ട്. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയി

നീക്കിയിരിപ്പ് ഇതേ തുകയാണ്. പ്രസ്തുത അക്കൌണ്ടിന്റെ റീക്കൺന തുക അവശേഷിക്കുന്നുണ്ട്. എന്നാൽ ഈ ബാങ്ക് അക്കൗണ്ടിന്റെ ന് ഓഫ് ബറോഡ അക്കൌണ്ട് നം. 68590100001327) പ്രകാരം നീക്കിയിരിപ്പു ന് RBI Account – DEAF (Depositor's Education & Awareness Fund) ലേക്ക് ട്രാൻസ നീക്കിയിരിപ്പ് അവശേഷിക്കുന്നില്ലാത്തതുമാണ്. വ്യത്യാസത്തിനുള്ള തുക നഷ്ടമായ സാഹചര്യം പരിശോധിച്ച് അറിയിക്കേണ്ടതാണ്. ശരിയായ രിതിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-1-19 B-5 ഷെഡ്യൂളിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഹഡ്കോ ലഭിച്ചിട്ടുണ്ട്. ഇത് ഉൾപ്പെടെയാണ് 2022-23 വർഷത്തെ B-5 ഷെഡ വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക (₹4,24,83,334) കണ വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ കോഡ് 33050020(Instituitions എന്ന ഹെഡിൽ (കോഡ് നമ്പർ 330500200) ₹2,00,000 തിരിച്ച രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശങ്ങൾ ലഭ്യമാക ലഭിച്ച തുക രണ്ട് ഹെഡ്ഡുകളിൽ ചേർത്തതിനാൽ ഇരട്ടിപ്പ് ഉണ്ടായിട്ട പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-1-20 അയ്യങ്കാളി വരവ് ചെലവ് കണക്കുകൾ

ക്യാഷ് ബുക്കിലെ തുക വാർഷിക ധനകാര്യ പത്രികയുമായി പൊരുത്

1-2-1 പുതുക്കിയ ബജറ്റ്

പുതുക്കിയ ബജറ്റ്	
മുൻബാക്കി	35299549
വരവ്	300936900
ആകെ വരവ്	336236449
ചെലവ്	277822000
നീക്കിയിരിപ്പ്	58414449

കൂത്തുപറമ്പ് നഗരസഭയുടെ 7-3-23 ലെ 1/73/2023 തീരുമാന പ്ര അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ വരവ് ചെലവുമായി യാതൊരുവിധ

രീതിയിലുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. യാഥാർഥ്യവുമായി ചെ
തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 ബജറ്റ്

കൂത്തുപറമ്പ് നഗരസഭ ഭരണസമിതിയുടെ 26-3-22ലെ 1 നമ്പർ
അംഗീകരിച്ച 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ചുവടെ കൊടുക്കു

ബജറ്റ്	
മുൻബാക്കി	57963028
വരവ്	1835894600
ആകെ	1893857628
ചെലവ്	1876489000
നീക്കിയിരിപ്പ്	17368628

1-3 സാമ്പത്തിക വിശകലനം

മുൻബാക്കി	51658731
വരവ് തുക	204845634
ആകെ	256504365
ചെലവ് തുക	162473891
നീക്കിയിരിപ്പ്	94030474
വരവിനങ്ങളിലുള്ള നഷ്ടം	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	107138
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	5956248

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് ലഭിച്ചത്	ആകെ	ചെലവ്
വികസനഫണ്ട് ജനറൽ	0	2,28,15,000	2,28,15,000	2,28,15,000 *
വികസനഫണ്ട് എസ്.സി.പി	0	17,69,000	17,69,000	15,89,544
മെയിന്റനൻസ് റോഡ്	0	2,00,20,000	2,00,20,000	1,94,13,096

മെയിന്റനൻസ് നോൺറോഡ്	0	1,01,82,300	1,01,82,300	94,23,009 **	
സെൻട്രൽഫിനാൻസ് കമ്മീഷൻ-അൺടൈഡ് ബേസിക്ക്	61,90,184	54,25,000 (ബാങ്ക്) + 1,65,867(ട്രഷറി) + 26,215(പലിശ) = 56,17,082	1,18,07,266	1,07,34,888	
സെൻട്രൽഫിനാൻസ് കമ്മീഷൻ-ടൈഡ്	1,22,83,292	81,37,000 (ബാങ്ക്) +27,64,713(ട്രഷറി) = 1,09,01,713	2,31,85,005	81,34,343 (ബാങ്ക്) + 27,64,713 (ട്രഷറി) =1,08,99,056	
സാക്ഷരത	16,096	793	16,889	0	
ഗ്രാന്റ് ഫോർ പ്രോജക്ട	8,41,675	0	8,41,675	0	
സ്വച്ച് ഭാരത് അഭിയാൻ	6,10,624	0	6,10,624	4,36,345	
ക്ലീൻ കേരള	13,98,925	38,933 (പലിശ)	14,37,858	0	
സെൻട്രൽ ഗവഃ ഫണ്ട്	4,35,65,235	1,69,55,808	6,05,21,043	5,55,59,933	
എം.പി. ഫണ്ട്	12,24,685	0	12,24,685	12,24,685	
അദർ ഗവൺമെന്റ് ഏജൻസീസ്	0	407600	407600	0	
ഹെൽത്ത് ഗ്രാന്റ്	0	12507042	12507042	0	

* വികസനഫണ്ട് (പൊതുവിഭാഗം)-ൽ നിന്നുള്ള 12,41,298 രൂപയുടെ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ വികസനഫണ്ട് പൊതുവി ചെലവ് പത്രികയിൽ തുകയിൽ നിന്ന് വ്യത്യാസമുണ്ട്.

** ഗവഃ താലൂക്ക് ആശുപത്രി കണ്ടിജൻസി ചെലവ് എന്ന പദ്ധതിയുമാ ബിൽ ട്രഷറിയിൽ മാറിയിട്ടില്ല. ആയതിനാൽ മെയിന്റനൻസ് ഫണ്ട് സുലേഖ സ്റ്റേറ്റ്മെന്റിലെ തുകയിൽ നിന്ന് വ്യത്യാസമുണ്ട്.

വാർഷിക ധനകാര്യ പത്രിക, സാംഖ്യ അപ്രോപ്രിയേഷൻ കൺട്രോ എന്നിവ അടിസ്ഥാനമാക്കിയാണ് മേൽ പറഞ്ഞ ഫണ്ട് വിനിയോ വിനിയോഗം നിരീക്ഷിക്കുന്നതിനായി നഗരസഭയിൽ രജിസ്റ്ററുകൾ സൂ കേന്ദ്ര സംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ല (എൻ.യു.എൽ.എം, ഐ.എച്ച്.എസ്. ഡി.പി.1, ഐ.എച്ച്.എസ്.ഡി.പി. മിഷൻ. 1, ശുചിത്വ മിഷൻ. 2, ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം) വിവരങ്ങൾ, 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക ബ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ അപ്രോപ്രിയേഷൻ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഈ ഗ്രാന്റുകളുടെ വിനിയോഗ വി ചേർത്തിട്ടില്ല.

ഗ്രാന്റ് വിനിയോഗ പത്രിക പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

*₹12,41,298 ചെലവ് , സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

1-5-1 നടപ്പിലാക്കാത്ത പദ്ധതികൾ

185 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 148 എണ്ണം മാത്രമേ പദ്ധതികൾ നടപ്പിലാക്കാതെ ഉപേക്ഷിച്ചു. തെരുവ് വിളക്കിന് നടപ്പിലാക്കിയിട്ടില്ല. കരിയർ ഗൈഡൻസ്, പേവിഷ നിയന്ത്രണ പര പരിപാലന പദ്ധതി എന്നിവ പോലുള്ള ജനക്ഷേമകരമായ പദ്ധതികൾക

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ കൊടുക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവ്	പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
186	139312661	149	86032372	123	26	37	66

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതി അടങ്കൽ	അംഗീകരിച്ച പദ്ധതികളുടെ എണ്ണം	പദ്ധതി ചെലവ്	ചെലവഴിച്ച പദ്ധതികളുടെ എണ്ണം	ചെ വ് ശ മാ
1	കൃഷി ഓഫീസർ	1962583	7	1520492	7	77
2	വെറ്റിനറി സർജൻ	1108000	5	1094330	5	99
3	മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)	6963266	9	6399229	8	92
4	മെഡിക്കൽ ഓഫീസർ (ആയുർവേദം)	1430000	2	1429892	2	100
5	മെഡിക്കൽ ഓഫീസർ (ഹോമിയോ)	130000	2	121629	2	94
6	ഹെൽത്ത് ഓഫീസർ	10059872	9	4937846	9	49
7	ഹെഡ്മാസ്റ്റർ	4584583	13	4468512	11	97
8	ഐ.സി.ഡി.എസ് സൂപ്പർവൈസർ	3610155	5	3449876	5	96
9	സെക്രട്ടറി	43129185	32	14701429	21	34
10	മുനിസിപ്പൽഎഞ്ചിനീയർ	63055757	90	45547820	70	72
11	പ്രോജക്ട് ഓഫീസർ	3142162	11	2325119	8	74
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	137098	1	36198	1	26
	ആകെ	139312661	186	86032372	149	62

1-6-1 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി - അവലേ

1. ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികളുടെയും നടപ്പ വിശദാംശങ്ങൾ

വർഷം	ആക്ഷൻ പ്ലാൻ പ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ (എണ്ണം)	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ)	പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം (സ്പിൽ ഓവർ, തൻവർഷ പദ്ധതികൾ)
2022-23	549	238 (95- സ്പിൽ ഓവർ, 143- തൻ വർഷം)	238

2. തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം - 2022-23

ക്രമ നമ്പർ	ഇനം	
1	തൻവർഷം പുതുതായി രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	96
2	ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം	1697
3	തൊഴിൽ ലഭിച്ച കുടുംബങ്ങൾ	424
4	100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങൾ	153
5	തൊഴിൽ ആവശ്യപ്പെട്ടശേഷം തൊഴിൽ ലഭിച്ചവരുടെ ശതമാനം	100
6	സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ	34812
7	തൊഴിൽ കാർഡ് നൽകാൻ ശേഷിക്കുന്ന കുടുംബങ്ങളുടെ എണ്ണം	0

4. എസ്. സി / എസ്. ടി പങ്കാളിത്തം

വർഷം	നഗരസഭയിലെ ആകെ എസ് സി / എസ് ടി കുടുംബങ്ങൾ	രജിസ്റ്റർ ചെയ്ത എസ് സി/ എസ് ടി കുടുംബങ്ങൾ

	എസ് സി	എസ് ടി	എസ് സി	എസ് ടി
2022-23	109	7	12	2

സാധനസാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികൾ ചെയ്തിട്ടില്ല. 28 വാർഡു പൂർത്തീകരിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ വാർഡുകളിലായി വാ ചെയ്ത് ആക്ഷൻ പ്ലാൻ ലേബർ ബഡ്ജറ്റ് തയ്യാറാക്കിയത് നഗരസഭാ കൗ നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ബാങ്ക്	422011	4567359	4989370	2470352	2519018
ട്രഷറി	-	7000000	7000000	6999082	918
ആകെ	422011	11567359	11989370	9469434	2519936

ക്യാഷ് ബുക്ക്/പാസ് ബുക്ക് പ്രകാരമുള്ള തുകകളാണ് പട്ടികയിൽ ഉൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

1-7-1 മരണശേഷവും ക്ഷേമ പെൻഷൻ അനുവദിച്ചു

നഗരസഭയിലെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷ മരണം രജിസ്റ്റർ ചെയ്തിട്ടുള്ളതും ക്ഷേമ പെൻഷൻ കൈപ്പറ്റി വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധ ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ തുക അനുവദിച്ചിട്ടു

1. കൂത്തുപറമ്പ നഗരസഭയിലെ ഗുണഭോക്താക്കൾ

ക്രമ നമ്പർ	പേര്	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	മരണ രജിസ്ട്രേഷൻ നമ്പർ	പെൻഷ സ്റ്റാറ്റസ്
1	ശാന്ത എം	102190600568	ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം	28/12/2021	285/22 Dtd 12.12.22	സസ്പെ
2	രാഘവൻ പുത്തലത്ത്	102190200982	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ	17/02/2022	76/22 Dtd 11.04.22	സസ്പെ
3	നാണു കെ	102190100176	കർഷക തൊഴിലാളി പെൻഷൻ	25/03/2022	79/22 Dtd 25.04.22	സസ്പെ

4	കരുണൻ വി പി	102190400193	ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ	06/05/2022	122/22 Dtd 20.06.22	സസ്പെ
5	സാവിത്രി എൻ പി	102190200354	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	06/06/2022	120/22 Dtd 14.06.22	സസ്പെ
6	ലീല ടി പി	102190200638	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	22/08/2022	213/22 Dtd 26.09.22	സസ്പെ

2. കൂത്തുപറമ്പ നഗരസഭയിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ ഉൾപ്പെട്ട ഗുണഭോക്താക്കൾ

ക്രമ നമ്പർ	പേര്	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	മരണപ്പെട്ട തീയതി	തദ്ദേശ സ്വയംഭരണ സ്ഥാപനം	മരണ രജിസ് നമ്പർ
1	സൈനബ കുനിയിൽ	111750200716	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	11/03/2022	മാലൂർ ഗ്രാമ പഞ്ചായത്ത്	69/22 02.04.2
2	സൗമിനി പി.എം	102210500450	50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	12/05/2022	തലശ്ശേരി നഗരസഭ	102/22 17.05.2
3	എ കെ ജാനു	111480200057	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	03/06/2022	കോട്ടയം ഗ്രാമ പഞ്ചായത്ത്	126/22 22.06.2
4	ദേവു പി	111610200324	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	14/08/2022	പാട്യം ഗ്രാമ പഞ്ചായത്ത്	200/22 05.09.2
5	മറിയം ടി എ	111600202212	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	28/08/2022	മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത്	214/22 26.09.2
6	ജാനകി ടി	111610100400	കർഷക തൊഴിലാളി പെൻഷൻ	22/09/2022	പാട്യം ഗ്രാമ പഞ്ചായത്ത്	218/22 01.10.2
7	മൂസ എം	102210207622	ഇന്ദിരാ ഗാന്ധി ദേശീയ	04/09/22	തലശ്ശേരി നഗരസഭ	268/22 22.11.2

			വാർദ്ധക്യകാല പെൻഷൻ			
8	ഗംഗാധരൻ പി	111360201062	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	10/11/22	അഞ്ചരക്കണ്ടി ഗ്രാമ പഞ്ചായത്ത്	275/22 30.11.2

മേൽ പട്ടികകളിൽ പരാമർശിച്ച ഗുണഭോക്താക്കൾക്ക് മരണ ശേഷവു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കളുടെ വി സ്ഥാപനത്തെ അറിയിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്ക ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.15/27.01.2024) അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മരണശേഷം ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടു തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമ നൽകുന്ന കർഷക പെൻഷൻ ഗുണഭോക്താക്കളുടെ അർഹത വിവരങ്ങൾ അതാത് കൃഷിഭവനിൽ അറിയിക്കാനുള്ള നടപടികളും സ

ധനകാര്യ (എസ് എഫ് ബി - ബി) വകുപ്പിന്റെ സർക്കുലർ നം. 63/2021/ പ്രാദേശിക സർക്കാരിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാരിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ള രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാരിന്റെ സെക്രട്ട സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസ അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട ഗുണഭോക്താക്ക ലിസ്റ്റിൽ നിന്ന് സമയബന്ധിതമായി നീക്കം ചെയ്യുന്നതിനുള്ള നട സർക്കാർ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണന്നും അല്ലാ മരണപ്പെട്ടവർക്ക് പെൻഷൻ അനുവദിച്ചു നൽകുന്ന സെക്ര ഈടാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ കൂത്തുപറമ്പ മ ചെയ്യപ്പെട്ട, മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉൾപ്പെട്ട ജനങ്ങ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽക സ്വീകരിക്കേണ്ടതും തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡ് അല്ലാത്തപക്ഷം ഉപഖണ്ഡിക (1), (2) എന്നിവ പ്രകാരം അനുവദിച്ചു നടത്തിയ സെക്രട്ടറിയിൽ നിന്നും ഈടാക്കി തിരിച്ചടവാക്കേണ്ടതാണ്.

1-7-2 ഒരു ഗുണഭോക്താവിന് രണ്ട് ക്ഷേമപെൻഷനുക

നഗരസഭയിലെ ആക്ടീവ് പെൻഷനേർസ് ലിസ്റ്റ് പരിശോധിച്ചതിൽ എ നം. 503536102763), ശാന്ത എം (ആധാർ നം.551066404265) എന്നീ ക്ഷേമപെൻഷനുകൾ അനുവദിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ

ക്രമ നമ്പർ	പേര്	പെൻഷൻ ഐ ഡി	പെൻഷൻ ഇനം	പെൻഷൻ തുക	അക്കൗണ്ട് മോഡ്
1	എമ്പ്രോളി കൌസല്യ	102190100447	കർഷക തൊഴിലാളി പെൻഷൻ	1600	ഡയറക്ട്റ്റു ഹോം

2	ശാന്ത എം	102190201080	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	600	ഡയറക്റ്റ് റ്റു ഹോം
3		102190201310	ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	1600	ഡയറക്റ്റ് റ്റു ഹോം
4		102190500049	50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ	600	ഡയറക്റ്റ് റ്റു ഹോം

സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശ
എസ്) നം. 97/2020/ധന തീ 23.09.2020 നമ്പർ ഉത്തരവ് പ്രകാരം വികല
വ്യക്തികൾക്ക് മാത്രമാണ് വികലാംഗ പെൻഷന് പുറമെ 600 രൂപ
സുരക്ഷാ പെൻഷൻ കൈപ്പറ്റാൻ അർഹതയുള്ളത്. ആയതി
ഗുണഭോക്താക്കൾക്ക് രണ്ട് സാമൂഹ്യ സുരക്ഷാ പെൻഷൻ അ
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.12/27.01.2024) മറ
സംബന്ധിച്ച് പരിശോധന നടത്തേണ്ടതും സ.ഉ.(എം.എസ്.) 97/20/
പരാമർശിച്ചിട്ടുള്ള രണ്ട് പെൻഷൻ നൽകേണ്ടി വരുന്ന
ബാധകമല്ലെങ്കിൽ ഒരു പെൻഷൻ നിർത്തലാക്കുന്നതിനുള്ള
സ്വീകരിക്കേണ്ടതുമാണ്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈ വിഷ
വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന്

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	18,24,600	158
വിധവാ പെൻഷൻ	1,50,98,200	1343
വാർദ്ധക്യകാല പെൻഷൻ	2,40,50,200	2322
വികലാംഗ പെൻഷൻ	38,28,000	332
വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം	330000	11

50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ	39,30,600	355

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രക പരിശോധന 25-01-2024 തീയതിയിൽ രാവിലെ 11.07 ന് സെക്ര നടത്തുകയുണ്ടായി. പരിശോധനയിൽ 2,436 രൂപ ക്യാഷ് ബാലൻസിന്റെ

1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

മനുഷ്യ വിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പു കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമ ഉദ്യോഗസ്ഥ സംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയ സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലു എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറ ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

കൂത്തുപറമ്പ് നഗരസഭയിൽ 2022-23 വർഷത്തിൽ വാർഷിക ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട ബാങ്ക് പാസ്സ് ബുക്കുകൾ, ബാങ്ക് ബുക്കുകൾ സൂക്ഷിച്ചു വരുന്നുണ്ട്. എന്നാൽ ഡെപോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ ഡിമാന്റ് രജിസ്റ്റർ, റഗുലർ-കണ്ടിന്റജന്റ് ജീവനക്കാരുടെ പെൻഷൻ പ ചെലവ് കണക്കുകൾ എന്നിവ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. കൈവരിച്ചിട്ടില്ല. പർച്ചേസുകൾ സംബന്ധിച്ച പ്രൊക്യുർമെന്റ് കമ തവണ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ സാധനങ്ങളും സേ വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്യുർമെന്റ് പ്ലാനും നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സ പ്രവർത്തിച്ചുവരുന്നുണ്ട്. ജീവനക്കാരുടെ ഓഫീസ് യോഗം 2022-23 വ മാത്രമേ ചേർന്നിട്ടുള്ളൂ. 10-3-22 ന് ചേർന്ന യോഗത്തിനു ശേഷം 12-10-2 യോഗം ചേർന്നിരിക്കുന്നത്. പ്രതിമാസം യോഗം ചേർന്ന് കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സ ലഭ്യമാകുന്ന സേവനങ്ങളും അവകാശങ്ങളും സംബന്ധിച പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1-10 വാർഡ് സഭ

1.കൂത്തുപറമ്പ് നഗരസഭയിൽ ആകെ 28 വാർഡുകൾ ഉണ്ട്. 2022-23 പ്രകാരം, 4 തവണ വാർഡ് സഭ ചേർന്നിട്ടുണ്ട്. 5/22,8/22,9/22,1/23 എന്നീ ചേർന്നിട്ടുള്ളത്. മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 42 എ(3) പ്ര ഒരിക്കലെങ്കിലും വാർഡ്സഭ യോഗം ചേരണമെന്ന നിബന്ധന പാലിച്ച് കാരം തികഞ്ഞിട്ടുണ്ട്. 2022-23 വർഷത്തെ ഗുണഭോക്താക്കളുടെ

കേരളം, 2023-24 വർഷത്തെ വാർഷിക പദ്ധതി തയ്യാറാക്കൽ തുടങ്ങി
ചെയ്തിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് വാർഡ്സഭയിൽ ചർച്ച ചെയ്തുവരുന്നില്ല
അതാത് വാർഡ് സഭകളിൽ പങ്കെടുക്കുന്ന പതിനഞ്ച് പേരെങ്കിലും
പാലിച്ചിട്ടില്ല.

1-11 കമ്മിറ്റികളുടെ പ്രവർത്തനം

സർക്കാർ മാർഗനിർദേശ(19-4-22 ലെ സർക്കാർ ഉത്തരവ് (കൈ)നം
അവസ്ഥാ രേഖ (സ്റ്റാറ്റസ് റിപ്പോർട്ട്) തയ്യാറാക്കുകയും ആയ
വികസന സെമിനാർ നടത്തുകയും വികസന രേഖ തയ്യാറാക്കു
തലത്തിലുള്ള 14 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2022-2
ഗ്രൂപ്പുകളുടെ യോഗം 3 തവണ ചേർന്നിട്ടുണ്ട്.വാർഷിക പദ്ധതി രൂ
വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ യഥാസമയം നടത്തേണ്ടതും പദ്ധതി നി
ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതും പദ്ധതി
വിഭാവന ചെയ്ത വിധം നിർവഹിച്ചിട്ടുണ്ടോ
സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.പദ്ധതികൾ അംഗീകരിച്ചതിന് ശേ
മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച്, നിർവഹണം പൂർ
മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിലെ മോണിറ്ററിംഗ്
തൃപ്തികരമല്ല. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധ
മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തി
നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് കുറ്റമറ്റരീതിയിൽ നട
ഹെൽത്ത് ഓഫീസർ, ഹെഡ്മാസറ്റർ, മെഡിക്കൽ ഓഫീസർ
ഓഫീസർ എന്നിവരുടെ പ്രോജക്ടുകൾ അതത് വർക്കിംഗ് ഗ്രൂപ്പും
സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ വിഷയം സ്റ്റാന്റിംഗ് കമ്മ
കൗൺസിലിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1-12 രശീത് പുസ്തകങ്ങൾ പരിശോധനയ്ക്ക് ഹാജരാക്
സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതയും

1) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി നഗരസഭയിൽ നിന്ന്
രസീത് പുസ്തകങ്ങൾ, രശീത് പുസ്തകങ്ങൾ പ്രകാരം പിരിച്ചെടുത്ത തുക
വിവരം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

രശീത് ബുക്ക് നം	രശീത് ബുക്ക് അനുവദിച്ച തീയതി	രശീത് ബുക്ക് അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ(സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയത് പ്രകാരം)
1175	06.04.2022	എച്ച്.ഐ
1195, 1196	27.02.2023	രേഖപ്പെടുത്തിയില്ല
1197, 1198, 1199	01.03.2023	രേഖപ്പെടുത്തിയില്ല

1200 മുതൽ 1202 വരെ	06.03.2023	രേഖപ്പെടുത്തിയില്ല
1203 മുതൽ 1208 വരെ	07.03.2023	രേഖപ്പെടുത്തിയില്ല
1209, 1210	11.03.2023	രേഖപ്പെടുത്തിയില്ല
1216, 1217	14.03.2023	രേഖപ്പെടുത്തിയില്ല
1218, 1219	30.03.2023	രേഖപ്പെടുത്തിയില്ല
1220, 1221	01.06.2023	രേഖപ്പെടുത്തിയില്ല
1222	14.06.2023	രേഖപ്പെടുത്തിയില്ല
1230	07.12.2023	സുനിത, ക്ലാർക്ക്

2)സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ രശീത് പുസ്തകങ്ങൾ അനുവദിച്ച് തസ്തിക എന്നിവ രേഖപ്പെടുത്താതെയും രസീറ്റ് ബുക്കുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദ്യോഗസ്ഥന്റെ ചുരുക്കൊപ്പ് / സെക രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഏത് ഉദ്യോഗസ്ഥ അനുവദിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല.
രശീത് പുസ്തകങ്ങൾ ഹാജരാക്കാത്തത് സംബന്ധിച്ചും, സ്റ്റോക്ക് രജിസ്റ്റ എൻകയറി (53/31.01.2024) നൽകിയെങ്കിലും മറുപടി ലഭ്യമാക്കി അനുവദിക്കുമ്പോൾ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക എന്നിവ കൃത്യമ രജിസ്റ്റർ സൂക്ഷിക്കേണ്ടതും മേൽ പറഞ്ഞിരിക്കുന്ന രശീത് പുസ്തക പ്രകാരം പിരിച്ചെടുത്ത തുക നഗരസഭയിൽ അടവാക്കിയ വിവര ഹാജരാക്കേണ്ടതുമാണ്. രശീത് പുസ്തകങ്ങൾ ഓഡിറ്റിന് ഹാ കൃത്യവിലോപമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഇത്തരം ക്രമക്കേടുകൾക്ക് സാധ്യത ഉണ്ടാക്കുമെന്നതിനാൽ ഭരണ അടിയന്തിരവുമായ ഇടപെടൽ ഇതിനാൽ ക്ഷണിക്കുന്നു. അപകങ ഓഡിറ്റിന് റിപ്പോർട്ട് നൽകേണ്ടതാണ്.

1-13 തൊഴിൽനികുതി-അപാകങ്ങൾ

1)2022-23 സാമ്പത്തിക വർഷത്തിൽ മുനിസിപ്പാലിറ്റിയിൽ വിവിധ മര നടത്തിയ കരാറുകാർ, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാ സൂപ്പർവൈസർമാർ, വിവിധ ആവശ്യങ്ങൾക്ക് ദിവസവേതനത്ത എന്നിവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതിന്റെ വി ലഭ്യമാക്കിയില്ല.
2)ജീവനക്കാരുടെ തൊഴിൽനികുതിയുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങ നികുതി റിട്ടേണുകൾ തൊഴിൽനികുതി രജിസ്റ്ററിൽ സ്ഥാപ രേഖപ്പെടുത്തുന്നതിന്റെ ക്രമത്തിൽ നമ്പറിട്ട് സൂക്ഷിച്ചിട്ടില്ല.

3)2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ B-15 ഷെഡ്യൂ INSTITUTIONS/TRADERS/ PROFESSIONALS ഇനത്തിൽ തൻവർഷം 1,50,260 ര 6,560 രൂപയും പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. തൊഴിൽ നികുതി (പരിശോധിച്ചതിൽ, 23 മുതൽ 28 വരെയുള്ള വാർഡുകളിലെ ഒരു സ തൊഴിൽനികുതി ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

4)വാർഡ് 22 ൽ ആകെ 266 സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ സ്ഥാപനങ്ങളിൽ തൊഴിൽനികുതി ഈടാക്കിയതായ രേഖപ്പെടുത സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള വാർഡ് 14 ൽ തൊഴിൽ രേഖപ്പെടുത്തിയിട്ടുള്ളത് പകുതിയിൽ താഴെ സ്ഥാപനങ്ങൾക്ക് മാത്രമ

5)ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ മ അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയതായി രേഖപ്പെടു എന്നിവയിൽ മാത്രമാണ്.

6)തൊഴിൽ നികുതി രജിസ്റ്ററുകളിൽ തൻവർഷത്തെ ആകെ ഡിമ എന്നിവ കണക്കാക്കി സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്ത ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറ ലഭ്യമാക്കിയില്ല. ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന അപാക തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വ ഹാജരാക്കേണ്ടതുമാണ്.

1-14 തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിലെ വീഴ്ച

മുനിസിപ്പാലിറ്റിയിൽ ജീവനക്കാരുടെ തൊഴിൽനികുതിയുമാ പരിശോധിച്ചതിലുള്ള അപാകങ്ങൾ ചുവടെ കൊടുക്കുന്നു.
1.താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ ഈടാക്കിയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

വാർഡ് നമ്പർ	സ്ഥാപനത്തിന്റെ പേര്	തൊഴിൽനികുതി ഈടാക്കാത്ത അർദ്ധവർഷം
26	ബീറ്റ മോട്ടോർസ്	II
27	കോ.ഓപ്പറേറ്റിവ് അർബൻ ബാങ്ക്, തൊക്കിലങ്ങാടി	II
	ക്രിസ്തുരാജ് നഴ്സിംഗ് സ്കൂൾ	II
	CIMHANS, തൊക്കിലങ്ങാടി	II
	കെ.വി.ആർ വെഹിക്കിൾസ്	II
	ടെക്നോ ഫില്ലിംഗ്സ്	II
28	ബ്രണ്ണൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ	II

	ബെസ്റ്റ് ഹോസിയറി ഫാക്ടറി, കൂത്തുപറമ്പ	II
1	ഐ.സി.ഡി.എസ് സബ് സെന്റർ, ആമ്പിലാട്	II
2	ആമ്പിലാട് പോസ്റ്റ് ഓഫീസ്	II
5	റിലയൻസ് എസ്.എം.എസ്.എൽ	II
6	ഇ.എസ്.ഐ ഡിസ്പെൻസറി	II
	മിഡിൽ ഈസ്റ്റ് ഗാരേജ്	II
	കാട്ടുമാടം ബിഗ് ബസാർ	II
	റോയൽ സിറ്റി ഹോം അപ്ലയൻസസ്	I, II
	കോ.ഓപ്പറേറ്റിവ് റൂറൽ ബാങ്ക്, കൂത്തുപറമ്പ	II
	രചന ഇൻഡസ്ട്രീസ്, മൂരിയാട്	II
12	കഫാറി	II
14	കൃഷി ഭവൻ	II
	പഴശ്ശി ഇറിഗേഷൻ സെക്ഷൻ	II
	കേരള വാട്ടർ അതോറിറ്റി, കൂത്തുപറമ്പ	II
	ബബിത ജ്വല്ലറി	II
	വെറ്റിനറി ക്ലിനിക്ക്	II
	ഹൈഡ്രോളജി സബ് ഡിവിഷൻ	II
	ഫാബിയോർ ഫാഷൻ	II
	പ്രിൻസ് സെയിൽസ് കോർപ്പറേഷൻ	II
17	തൃക്കണാപുരം എൽ.പി.സ്കൂൾ	II
21	നസിം ഫിഷ് സ്റ്റാൾ	II
22	മുഴപ്പേൽ ചിറ്റ്സ്	II
	തലശ്ശേരി പബ്ലിക് സർവന്റ്സ് കോ.ഓപ്പ് ബാങ്ക്	II

	വില്ലേജ് ഓഫീസ് കൂത്തുപറമ്പ്	II
	താലൂക്ക് ഹോസ്പിറ്റൽ കൂത്തുപറമ്പ	II
	അഗ്രികൾച്ചർ ബ്ലോക്ക് ഓഫീസ്	II
	അബ്ദുള്ളക്കുട്ടി മെമ്മോറിയൽ ഹോസ്പിറ്റൽ	II
	എൽ.എസ്.ജി.ഡി സബ് ഡിവിഷൻ	II
	റൂറൽ ബാങ്ക് മോർണിംഗ് & ഈവനിംഗ് ബ്രാഞ്ച്	II
	ടാസ്കോ ലിമിറ്റഡ്	II
	ഇൻഫർമേഷൻ കേരള മിഷൻ	II
23	കൂട്ട് എജുക്കേഷൻ & കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്	II
	കോ.ഓപ്പ് റൂറൽ ഈവനിംഗ് ബ്രാഞ്ച്	II
	റബ്കോ ഫർണിച്ചർ ഷോറൂം	II
	പ്രഭ പോളിക്ലിനിക്ക്	II
	കോ.ഓപ്പറേറ്റിവ് ഓഡിറ്റോറിയം, പാറാൽ	II
	ജിയോജിത്ത് ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ്	II
	ബിൽഡിംഗ് മെറ്റീരിയൽസ്	II
	റീജിയണൽ അനലിറ്റിക്കൽ ലാബ്	I, II

ടി സ്ഥാപനങ്ങളിൽ നിന്നും സമർപ്പിച്ച തൊഴിൽനികുതി റിട്ടേ
ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം, നികുതി ഈടാക്കിയതിന
ചേർക്കാത്തതിന്റെ കാരണം എന്നിവ ലഭ്യമാക്കേണ്ടതാണെന്ന് ആ
എൻകപയറി(14/27.01.2024)ക്ക് മറുപടിയായി മേൽ പട്ടികയിലെ ബ്രണ്ണ
ഐ.സി.ഡി.എസ് സബ് സെന്റർ, ആമ്പിലാട്, അഗ്രികൾച്ചർ ബ്ലോക്ക്
സബ് ഡിവിഷൻ (വാർഡ് 22), റബ്കോ ഫർണിച്ചർ ഷോറൂം, റോയൽ

ബിൽഡിംഗ് മെറ്റീരിയൽസ്, റീജിയണൽ അനലിറ്റിക്കൽ ലാ
ഒഴികെയുള്ളവയിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ
സ്ഥാപനങ്ങളിൽ നിന്നും സമർപ്പിച്ച തൊഴിൽനികുതി റിട്ടേണു
തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കുവാൻ ന
2. മുനിസിപ്പാലിറ്റിയിലെ വാർഡ് 25-ലെ ആകെ 85 സ്ഥാപനങ്ങൾ
ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ 11 സ്ഥാപനങ്ങളിൽ നി
വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കിയതായി രേഖ
സംബന്ധിച്ച് ഓഡിറ്റ് എൻകൃയറി (14/27.01.2024) നൽകിയെങ്കിലും മറു
മുഴുവൻ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികു
രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി തൊഴിൽ നികുത
പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും തുടർന്നുള്ള വർഷങ്ങ
ഈടാക്കിയതിന്റെ വിവരം രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ട

1-15 വസ്തുനികുതിയിൽ കുടിശ്ശിക ഈടാക്കാൻ അവ

കൂത്തുപറമ്പ് മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തെ വാർഷിക ധ
ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ താഴെപ്പറയുന്ന തുക പിര

31-3-2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള കുടിശ്ശിക	
തൻവർഷം (കറന്റ്)	അരിയർ
21,13,070	20,09,773

കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനായി മുനിസിപ്പാലിറ്റി നാളിതുവ
കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശ
ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (50/30.01.2024) മ
2 മൊബൈൽ ടവറുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളിൽ നിന്ന്
ഈടാക്കുന്നതിനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായാണ് അറ

